<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2983</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഉപഭോക്താക്കൾക്ക് എത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ “ഡ്രിഷ് കേരള” എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണിയിൽ എത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് ഉൽപ്പന്ന നിർമ്മാണം നടത്തി വരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>മത്സ്യഫെഡിന് കീഴിൽ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്നീ പേരുകളിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ എന്നിവ വഴി വിപണനം ചെയ്തു വരുന്നു. ടി പ്ലാന്റ് വഴി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് പുനരുദ്ധരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാൻറിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സി.ഐ.എഫ്.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ